വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഫ ഫ ഫ ര-ഫ ം ള ൻ ഫ പറ

ഫ ഫ ഫ ള-ള വ ര ള ഫ ം ,,

## ചേത്തല മിഡിൽ സ്കൂൾ

൪. (൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേത്തല ഇംഗ്ലീഷ് ഹൈസ്കൂളിനോടുചേർന്ന വടക്കുവശത്തുള്ള മിഡിൽ സ്കൂൾ കെട്ടിടം ഇരിക്കുന്ന സ്ഥലത്തു് സ്കൂളിനു് ചുറ്റും വർഷകാലത്തു് ഉദ്ദേശം മുട്ടോളം വെള്ളം കെട്ടിനില്ക്കുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു് ആ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് പലവിധ സുഖക്കേടുകൾക്കും ഇടയാക്കുന്നതാണെന്നു ഗവൺമെണ്ടിനറിയാമോ;

(സി) സ്കൂൾ കാമ്പൗണ്ടിനു് കിഴക്കും പടിഞ്ഞാറുമുള്ള റോഡുകളും പടിഞ്ഞാറുവശമുള്ള സ്ഥലങ്ങളും ടി കാമ്പൗണ്ടിനേക്കാൾ പൊങ്ങിക്കിടക്കുന്നതാണു് ഇതിനുള്ള കാരണമെന്നു ഗവൺമെണ്ടിനറിയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വർഷകാലത്തു് വലിയ മഴയുണ്ടാകുന്ന ദിവസങ്ങളിൽ ഉദ്ദേശം ഒരു് ഇഞ്ചു് മുതൽ ഒൻപതിഞ്ചുവരെ വെള്ളം ഈ സ്ഥലത്തു് കെട്ടിനില്ക്കാറുണ്ടെന്നു അന്വേഷണത്തിൽ അറിയുന്നു.

(ബി) ഇതുകൊണ്ടു് സുഖക്കേടുകൾ ഉണ്ടായതായി ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടില്ല.

(സി) അറിയാം. സ്കൂൾ കാമ്പൗണ്ടിന്റെ മൂന്നുവശത്തുമുള്ള റോഡുകൾ അല്പം ഉയർന്നു നിരപ്പിലാണു് കിടക്കുന്നതു്.

## ഡോക്ടർമാർ

൯. (൯) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേത്തലയിൽ ഇപ്പോഴുള്ള ആശുപത്രികൾ, ഡിസ്പെൻസറികൾ, Bi-weekly Dispensary-കൾ ഇതുകളുടെ യഥാക്രമമുള്ള എണ്ണമെത്ര;

(ബി) ഇതിൽ എല്ലാംകൂടി എത്ര ഡാക്ടർമാർ ഉണ്ടു്; അതിൽ സർജ്ജന്മാർ എത്ര, ഫിസിഷ്യന്മാർ എത്ര; ഈ താലൂക്കിലെ മൊത്തം ജനസംഖ്യയുമായി നോക്കുമ്പോൾ എത്രായിരം ആളുകൾക്കു് ഒരു ഡോക്ടർ ഉണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഗവൺമെണ്ടു് ആശുപത്രികൾ ൨

ഗവൺമെണ്ടു് ഡിസ്പെൻസറികൾ ൨

ബൈവീക്കിലി ഡിസ്പെൻസറികൾ ൨.

(ബി) ഈ സ്ഥാപനങ്ങളിൽ ആകെ ൩ അസിസ്റ്റൻറു് സർജ്ജന്മാരുണ്ടു്. ഫസ്റ്റ് ക്ലാസ്സ്-ലെ സെൻസസിൻപ്രകാരം താലൂക്കിലെ മൊത്തം ൧,൦൦,൦൦൦ ആളുകൾക്കു് ഒരു ഡാക്ടർ വീതം ഉണ്ടു്. എന്നാൽ താലൂക്കിലെ ആകെ മൊത്തം ജനസംഖ്യ നോക്കിയല്ല ഡാക്ടർമാരെ നിയമിക്കുന്നതു്. ഓരോ പ്രദേശത്തെയും ജനനിബിഡതയനുസരിച്ചു് ആവശ്യാനുസരണമാണു് നിയമനങ്ങളും നടത്തുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly